വേണ്ടി കൊണ്ടുവന്ന ഒരു നിർദ്ദേശമെന്ന നിലയിൽ റെഗുലേറ്റഡ് മാർക്കറ്റ് എന്ന നിർദ്ദേശം പരിഗണനയിലാണെന്ന് പറഞ്ഞു. ഇത് അടിയന്തിരമായി നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനുവേണ്ടി ഒരു ബിൽ തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. അത് ഉടനെതന്നെ കേന്ദ്രത്തിൽ അയച്ച് പ്രസിഡൻറിന്റെ അനുമതി വാങ്ങിയശേഷം ആരംഭിക്കുന്നതാണ്.

മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയവയ്ക്കുള്ള ക്ഷാമം

*23 [25] ശ്രീ. പി. സി തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയവയ്ക്ക് ഇന്ന് ക്ഷാമ മുണ്ട് എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷാമം പരിഹരിക്കുന്നതിനും കരിഞ്ചന്ത അവസാനിപ്പി ക്കുന്നതിനും ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അടുത്തകാലംവരെ മണ്ണെണ്ണ റേഷൻകാർഡ് ഉള്ളവർക്കും ഇല്ലാത്തവർക്കും ഒരു ടിൻ വരെ റേഷൻകടയിൽനിന്നോ മൊത്തവ്യാപാരി യിൽനിന്നോ വാങ്ങാനുള്ള സംവിധാനം ഉണ്ടായിരുന്നു. ഈ സംവിധാനം മണ്ണെണ്ണയുടെ ദുരുപയോഗം വർദ്ധിപ്പിക്കുകയും, പെട്രോളിൽ മായം ചേർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനാൽ പ്രസ്തുത ഏർപ്പാട് നിറുത്തലാക്കി. പകരം പാചകാവശ്യ ങ്ങൾക്കും, കൃഷിയാവശ്യങ്ങൾക്കും, വ്യവസായകാര്യങ്ങൾക്കും, ഹോട്ടലുടമ കൾക്കും പെർമിറ്റടിസ്ഥാനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റേഷൻ കടയിലേയും മണ്ണെണ്ണ മൊത്തവ്യാപാരിയുടേയും കണക്കുകൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടു ത്തിട്ടുണ്ട്.

സംസ്ഥാനത്തുനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് പെട്രോളിയം ഉല്പന്നങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് തടയാനായി അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിൽ സിവിൽസപ്ലൈസ് ഇൻസ്പെ ക്ടർമാരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

കൂടാതെ 1979-ലെ കേരളാ മോട്ടോർ സ്പിരിറ്റ് ആൻറ് ഹൈസ്പീഡ് ഡീസൽ ഓയിൽ (മെയിൻറനൻസ് ആൻറ് റെഗുലേഷൻ ഓഫ് സപ്ലൈസ്) ഓർഡർ പ്രകാരം പെട്രോളിന്റെ വിതരണം, കൈവശം വയ്ക്കുക, കൊണ്ടുപോവുക എന്നിവയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടു ത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിന്റെ ഉപയോഗം കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽനിന്നും 15 ശതമാനം കുറയ്ക്കുവാൻ എല്ലാ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഗവൺമെന്റ് വ്യവസായ സ്ഥാപനങ്ങളും ഇക്കാര്യം പരിശോധിച്ച് വേണ്ട ഏർപ്പാട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ നടപടികൾകൊണ്ട് മണ്ണെണ്ണയുടേയും, പെട്രോളിന്റെയും ക്ഷാമം പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നോണ് ഗവൺമെന്റ് കരുതുന്നത്.

പെട്രോൾ ഉല്പന്നങ്ങളുടെ കോട്ട വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സിമൻറിനെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റിന്റെ ആകെ ആവശ്യം പ്രതിവർഷം ഏറ്റവും കുറഞ്ഞത് 12 ലക്ഷം ടണ്ണാണ്. എന്നാൽ കേന്ദ്രം അലോട്ടുചെയ്യുന്നത് ശരാശരി 8 മുതൽ 9 ലക്ഷം ടൺവരെ മാത്രമാണ്. ഈ വിടവ് നികത്തുന്നതിന് അലോട്ടുമെന്റ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ വർഷാവസാനത്തെ കോർട്ടർലി അലോട്ടുമെന്റിൽ 5 ശതമാനം കുറവു വരുത്തിയിരിക്കുന്നത് കൂടുതൽ ക്ഷാമത്തിന് ഇടയാക്കുമെന്നുള്ളതുകൊണ്ട് ഈ കുറവെങ്കിലും ഉടനടി പരിഹരിക്കണമെന്ന് അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ അവസാനിപ്പിക്കുവാൻ വേണ്ട അധികാരം കേരളാ സിമൻറ് കൺട്രോൾ ഓർഡർ അനുസരിച്ച് ഡിസ്ട്രിക്ട് കളക്ടർ മുതലായ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

വിതരണം സുഗമമാക്കുന്നതിനും വിനിയോഗം പരിശോധിക്കുന്നതിനും ജില്ലാതല സിറ്റിസൺ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. തോമസ്: പല നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും ഈ ഉൽപന്നങ്ങൾ കിട്ടുന്നതിന് ക്ഷാമം ഉണ്ടാകുന്നുണ്ട്. അതേസമയത്ത് കരിഞ്ചന്തയിൽ ഇഷ്ടംപോലെ സിമൻറും മറ്റുസാധനങ്ങളും ലഭിക്കുന്നു. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുകയും ആവശ്യക്കാർക്ക് ഈ സാധനങ്ങൾ ലഭിക്കുകയും ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ, പ്രത്യേകിച്ച് സിമൻറ് എത്രവേണമെങ്കിലും ബ്ലാക്ക് മാർക്കറ്റിൽനിന്നും കിട്ടും. അത് യഥാർത്ഥ ഉപഭോക്താക്കൾക്ക് കിട്ടുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പെർമിറ്റ് സിസ്റ്റം രണ്ടായി തിരിക്കുമോ, അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: സിമൻറിന്റെ കാര്യത്തിൽ ക്ഷാമമുണ്ട്. ആവശ്യമുള്ളതിന്റെ 50 ശതമാനം മുതൽ 60 ശതമാനംവരെ മാത്രമേ നമുക്കു ലഭിക്കുന്നുള്ളു. അതുകൊണ്ട് സിമൻറിന്റെ അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: ബഹുമാനപ്പെട്ട മന്ത്രി കുറേ പട്ടിക ഇവിടെ നിരത്തിവച്ചു. ഇതിൽ യാതൊന്നും ഈ സംസ്ഥാനത്ത് നടക്കുന്നില്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ, ഇത് ഇംപ്ലിമെൻറ് ചെയ്യാൻ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: മണ്ണെണ്ണയും, പെട്രോളും, ഡീസലും വാങ്ങിക്കുന്ന കാര്യമാണെങ്കിൽ അതെല്ലാം വളരെ ഇഫക്ടീവായി നടക്കുന്നുണ്ട്. സിമൻറിന്റെ കാര്യത്തിൽ വലിയ ക്ഷാമമുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: മണ്ണെണ്ണ ക്ഷാമംമൂലം ഡീസൽ വാങ്ങി ഉപ്പുചേർത്തു വീടുകളിൽ കത്തിക്കുന്നതുകൊണ്ട് ഡീസലിനും ക്ഷാമം നേരിട്ടിരിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സിമൻറിന്റെ അലോട്ടുമെൻറ് കുറവാണെന്ന് പറഞ്ഞു. ഇലക്ട്രിസിറ്റി കൊടുക്കുന്നതിനുപകരമായിട്ട് അവിടെനിന്ന് സിമൻറ് ലഭിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിയെന്ന് പത്രത്തിൽ കാണുകയുണ്ടായി. അങ്ങനെ വല്ല കരാറും ഉണ്ടായിട്ടുണ്ടോ? അതനുസരിച്ച് കൂടുതൽ സിമൻറ് കിട്ടുന്നതിന് സാദ്ധ്യതയുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: പ്രത്യേക നോട്ടീസ് വേണം.

ശ്രീ. എ. വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള സിമൻറ് കിട്ടുന്നില്ലെന്ന് മന്ത്രി പറഞ്ഞു. ഓരോ ജില്ലയ്ക്കും അലോട്ടു ചെയ്യുന്ന സിമൻറ് തന്നെ അതാത് ജില്ലയ്ക്കു കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ആ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള സിമൻറ് വാഗണുകളുടെയും അതുപോലെതന്നെ ട്രാൻസ്പോർട്ടിങ്ങിന്റേയും ബുദ്ധിമുട്ട് കാരണം കിട്ടുന്നില്ലെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് അലോട്ടു ചെയ്യുന്ന സിമൻറ് ആലപ്പുഴ ജില്ലയ്ക്ക് കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീ. എ. പി. കുര്യൻ: നമ്മുടെ സംസ്ഥാനത്ത് സ്റ്റോക്കുള്ള സിമൻറ് എത്രയാണെന്ന് വെളിപ്പെടുത്താമോ? നിലവിലുള്ള അപേക്ഷകൾ മുഴുവനും പരിഗണിച്ചാൽ വിതരണം ചെയ്യേണ്ടിവരുന്ന സിമൻറ് എത്രയാണെന്ന് വെളിപ്പെടുത്തുമോ? ഈ കാർട്ടറിൽതന്നെ വെട്ടിക്കുറച്ച ശതമാനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെൻറിന് കത്ത് എഴുതിയിട്ടുണ്ടെന്ന് പറഞ്ഞു. അതിന് എന്തെങ്കിലും ഫോളോ അപ്പ് ആക്ഷൻ ഉണ്ടായോ? കേന്ദ്രഗവൺമെൻറിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. പി. വി. മൂസ്സ: കാർഷിക ആവശ്യത്തിനും വീട്ടാവശ്യത്തിനും മണ്ണെണ്ണയ്ക്ക് പെർമിറ്റ് കൊടുക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. വിദ്യുച്ഛക്തിയില്ലാത്തതുകൊണ്ട് രാത്രികാലങ്ങളിൽ മദ്രസ പഠനം നടത്തേണ്ടതുകൊണ്ട് മദ്രസകൾക്കും പള്ളികൾക്കും പ്രത്യേകമായി മണ്ണെണ്ണ കൊടുക്കാൻവേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. ടി. എസ്. ജോൺ: സ്പെഷ്യൽ പെർമിറ്റിന് ആവശ്യപ്പെടുന്നവർക്ക് കൊടുക്കാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെതന്നെ റേഷൻകടയിൽ ചെന്നാൽ റേഷൻകടക്കാരുടെ ഇഷ്ടമനുസരിച്ച് ഇരുപത്തിയഞ്ച് ലിറ്റർ മണ്ണെണ്ണ കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: സിമൻറിൻെറ ഉപയോഗത്തെ സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റൻറ് എൻജിനീയറോ അതുപോലുള്ള ഏതെങ്കിലും അതോറിറ്റിയോ കൊടുക്കണമെന്നുണ്ടായിരുന്നു. ഇപ്പോഴത് എടുത്തുകളഞ്ഞിരിക്കുകയാണ്. ഇരുപത്തിയഞ്ച് ബാഗോ അതിൽ കുറച്ചോ ഒഴിച്ച് അതിന് മുകളിലേയ്ക്കുള്ള കൺസംപ്ഷൻ ആ കൺസംപ്ഷൻെറ സർട്ടിഫിക്കറ്റ് കിട്ടിയിട്ട് മാത്രമേ സിമൻറ് കൊടുക്കുകയുള്ളുവെന്ന വ്യവസ്ഥ ഉണ്ടാക്കിയാൽ ബ്ലാക്ക്മാർക്കറ്റ് തടയാൻ കഴിയുകയില്ലേ?

ശ്രീ. ടി. എസ്. ജോൺ: അതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. ജെ. ചാക്കോ: വളരെ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമിറ്റ് സിസ്റ്റം ആരംഭിച്ചതിനുശേഷം കിട്ടാനേയില്ലെന്ന പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് പെർമിറ്റ് സിസ്റ്റം ഉപേക്ഷിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: പെർമിറ്റ് സിസ്റ്റം ഉപേക്ഷിച്ചാൽ കിട്ടുന്ന മണ്ണെണ്ണമുഴുവനും പെട്രോൾ പമ്പിലേയ്ക്ക് പോകുമെന്നുള്ള പരാതിയുണ്ടായതിൻെറ അടിസ്ഥാനത്തിലാണ് പെർമിറ്റ് സിസ്റ്റം ഏർപ്പെടുത്തിയത്. ഇപ്പോഴും യാതൊരു ബുദ്ധിമുട്ടുമില്ല. അത്യാവശ്യമുള്ളവർക്ക് പെർമിറ്റ് കൊടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സിമൻറ് സ്റ്റോക്കിസ്റ്റുകളെ തന്നെ കൃത്രിമമായി കുറെയധികം അപേക്ഷകൻമാരെ ശേഖരിച്ച് വാങ്ങിക്കുന്നതിൻെറ ഫലമായിട്ട് യഥാർത്ഥത്തിലുള്ള ആവശ്യക്കാർക്ക് കിട്ടാതിരിക്കുകയും കരിഞ്ചന്ത നടത്തുന്നവർക്ക് കിട്ടുകയും ചെയ്യുന്നുണ്ട്. പെർമിറ്റ് പ്രകാരം കിട്ടിയ സിമൻറ് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ? വിജിലൻസ് എൻകൗയറി നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ടി. എസ്. ജോൺ: ഇപ്പോഴുതന്നെ അതിനുവേണ്ട സംവിധാനമുണ്ട്. അത് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കാം.

ശ്രീ. കെ. സുകുമാരനുണ്ണി: ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള സിറ്റിസൺസ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കമ്മിറ്റിയ്ക്ക് എന്താണ് ജോലി? ഈ കമ്മിറ്റിയുടെ ഉപദേശപ്രകാരം വല്ല നടപടികളും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഇതെപ്പറ്റി അന്വേഷിക്കാനും വേണ്ട നിർദ്ദേശം കളക്ടർക്ക് കൊടുക്കാനുമുള്ള അധികാരമുണ്ട്. ചെക്ക് ചെയ്യാനുള്ള അധികാരം കമ്മിറ്റിയ്ക്കുണ്ട്. ചെക്ക് ചെയ്തതിനുശേഷം കളക്ടറെ അറിയിച്ചാൽ കളക്ടർ അതിനുവേണ്ട നടപടി സ്വീകരിക്കും.

ശ്രീ. ചടയൻ ഗോവിന്ദൻ: കണ്ണൂർ ജില്ലയിൽ ന്യായവിലഷാപ്പിൽ കൂടിയുള്ള മണ്ണെണ്ണ വിതരണം കുറെക്കാലമായി നടക്കുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കണ്ണൂർ ജില്ലയിൽ ചില പ്രദേശങ്ങളിൽ ടാങ്കർലോറികൾ കിട്ടാതിരുന്നതുമൂലം മണ്ണെണ്ണ എത്തിച്ചുകൊടുക്കാൻ ഒരു മാസത്തിനുമുമ്പ് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ട് ഇപ്പോൾ പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കുമാരൻ: മണ്ണെണ്ണ, ഡീസൽ, സിമൻറ് തുടങ്ങിയുള്ള സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയുന്നതിനായി ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. മണ്ണെണ്ണ, സിമൻറ്, പെട്രോൾ തുടങ്ങിയ സാധനങ്ങളിൽ മായം ചേർക്കുന്നവരുടെമേൽ ഇന്നുള്ള നടപടിയെക്കാൾ കൂടുതൽ ശിക്ഷണനടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നടപടി സ്വീകരിച്ചു വരികയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മായം ചേർക്കലിനെതിരായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് പറഞ്ഞു. റിഫൈനറികൾ കൊടുക്കുന്ന പെട്രോളിനെക്കാൾ എത്രയോ കൂടുതൽ പെട്രോൾ ഈ രാജ്യത്തെ വാഹനങ്ങൾക്കുവേണ്ടി വിതരണം ചെയ്യുന്നത് മണ്ണെണ്ണ അധികമായി ചേർക്കുന്നതു കൊണ്ടാണെന്ന് കണക്കെടുത്തുനോക്കിയാൽ കാണാൻ കഴിയുമെന്നാണ് റിഫൈനറിക്കാർ പറയുന്നത്. പെട്രോളിൽ മായംചേർത്ത് വലിയ വെട്ടിപ്പ് നടത്തുന്നതായുള്ള വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. ലോറികൾ തീ പിടിച്ചിട്ടുണ്ട്. ഇതിനെതിരായി കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: മുപ്പത്തിമൂന്ന് കേസ്സിൽ നടപടി എടുത്തിട്ടുണ്ട്. ഇതിനെതിരായി കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില

*24 [26] ശ്രീ. പിണറായി വിജയൻ:

,, എൻ. വാസുദേവൻ പിള്ള:

,, എ. പി. കുര്യൻ:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെവില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) വില വർദ്ധിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) 1. പൊതുവിതരണ സമ്പ്രദായം വ്യാപകമാക്കുന്നതിൻെറ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ മൊത്തമായി സംഭരിച്ച് കോർപ്പറേഷൻ നേരിട്ടു നടത്തുന്ന ചില്ലറ വിൽപന കേന്ദ്രങ്ങൾ വഴിയും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അനുവദിച്ചു കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly